30/07/2018

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

## ഒ.ബി.സി. വിഭാഗം സംരംഭകർക്ക് 5 കോടി രൂപവരെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട്

ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ സംരംഭകത്വ പ്രോത്സാഹനാർത്ഥം കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് വേണ്ടി പ്രത്യേക വെഞ്ചർ ക്യാപിറ്റൽ ഫണ്ടിന് രൂപം കൊടുത്തിട്ടുണ്ട്. ഫണ്ടിന്റെ നോഡൽ ഏജൻസി (Asset Management Company) കേന്ദ്ര സർക്കാർ സ്ഥാപനമായ IFCI വെഞ്ചർ ക്യാപിറ്റൽ ഫണ്ട്സ് ലിമിറ്റഡ് ആണ്.

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട സംരംഭകർ പങ്കാളികളായ കമ്പനികൾക്ക് മാത്രമാണ് ഫണ്ടിൽ നിന്നും വായ്പ ലഭ്യമാകുക. ഉൽപാദ / സേവന / അനുബന്ധ മേഖലകളിലെ സംരംഭങ്ങൾക്ക് അർഹതയുണ്ട്. അനുവദിച്ച വായ്പ വിനിയോഗിച്ച് ആസ്തി സൃഷ്ടിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റാർട്ട് അപ് സംരംഭങ്ങളെയും പരിഗണിക്കുന്നതാണ്. വനിതകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് മുൻഗണനയുണ്ട്.

കഴിഞ്ഞ 6 മാസകാലമായി പ്രവർത്തിച്ചുവരുന്നതും, ഒ.ബി.സി. സംരംഭകർക്ക് കുറഞ്ഞത് 51% ഓഹരി പങ്കാളിത്തവും, നിയന്ത്രണവും ഉള്ള കമ്പനികൾക്ക് 50 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. 6 മാസകാലമായി പ്രവർത്തിച്ചുവരുന്നതും ഒ.ബി.സി. സംരംഭകർക്ക് കുറഞ്ഞത് 51% ഓഹരി പങ്കാളിത്തവും നിയന്ത്രണവും ഉള്ള വ്യക്തിഗത സംരംഭം, പാർട്ട്ണർഷിപ്പ് സംരംഭം, ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്, ഒൺ പേഴ്സണൽ കമ്പനി എന്നിവ രൂപാന്തരം പ്രാപിച്ച് ആരംഭിക്കുന്ന കമ്പനികൾക്കും ഇത്തരത്തിൽ വായ്പ ലഭിക്കുന്നതാണ്. സമാന രീതിയിൽ പ്രവർത്തനകാലയളവ് 12 മാസമെങ്കിലും പൂർത്തീകരിച്ച പ്രസ്ഥാനങ്ങൾക്ക് 50 ലക്ഷം രൂപയിൽ അധികരിച്ച വായ്പ ലഭിക്കുന്നതാണ്.

പദ്ധതി പ്രകാരം കുറഞ്ഞ വായ്പാ തുക 20 ലക്ഷം രൂപയും പരമാവധി 5 കോടി രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ അറ്റആസ്തി (Net worth) യുടെ 2 ഇരട്ടിയിലധികം വായ്പ ലഭിക്കുന്നതല്ല.

മൊറട്ടോറിയം കാലയളവ് ഉൾപ്പെടെ 8 വർഷമാണ് തിരിച്ചടവ് കാലയളവ്. പദ്ധതിയുടെ ആവശ്യകത പരിഗണിച്ച് പരമാവധി 36 മാസം വരെയാണ് മൊറട്ടോറിയം കാലയളവ്.

ഫണ്ടിൽ നിന്നുള്ള ധനസഹായം ആവശ്യമുള്ള കമ്പനികൾക്ക് കടപത്രമോ ഓഹരിയോ പുറപ്പെടുവിക്കാം. ഇവയിൽ IFCI നിക്ഷേപം നടത്തും. കടപത്രം വഴിയുള്ള നിക്ഷേപങ്ങൾക്ക് 8% നിരക്കിൽ വാർഷിക പലിശ നൽകേണ്ടതുണ്ട്. സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് 7.75% നിരക്കിൽ പലിശ നൽകിയാൽ മതിയാകും ഓഹരി അധിഷ്ഠിത നിക്ഷേപത്തിന് കൂടുതൽ പലിശ നൽകേണ്ടിവരും.

ഫണ്ടിൽ നിന്നുള്ള ധനസഹായം വിനിയോഗിച്ച് ആർജിക്കുന്ന ആസ്തികൾ (ഭൂമി, കെട്ടിടം, യന്ത്രോപകരണങ്ങൾ, ലൈസൻസ്, പേറ്റന്റ് മുതലായവ) ജാമ്യമായി നൽകണം. മതിയായ ജാമ്യം ഇത്തരത്തിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മറ്റ് ജാമ്യരേഖകൾ നൽകേണ്ടതായി വരും.

പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നിയന്ത്രണത്തിൽ ആരംഭിക്കപ്പെട്ട പദ്ധതിയെന്ന നിലയിൽ സംരംഭ സൗഹൃദ സമീപനവും ലളിതമായ നടപടിക്രമങ്ങളും, കുറഞ്ഞ പലിശ നിരക്കും ഈ പദ്ധതിയുടെ ആകർഷണീയതകളാണ്. ഫണ്ടിൽ നിന്നുള്ള ധനസഹായത്തിന് വരുമാന പരിധി ബാധകമാക്കിയിട്ടില്ലെന്നതും നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്കും പുതിയ ആസ്തി സൃഷ്ടിച്ചുകൊണ്ട് പ്രവർത്തന വിപുലീകരണം സാധ്യമാക്കുന്നതിന് പ്രയോജനപ്പെടുത്താൻ ആവുമെന്നതും അനുകൂലഘടകങ്ങളാണ്.

പദ്ധതി പ്രയോജനപ്പെടുത്താൻ താല്പരരായ കേരളത്തിലെ സംരംഭകർക്ക് അതിനുള്ള അവസരം സൃഷ്ടിക്കുവാൻ വേണ്ടി പിന്നോക്ക വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്ന കേരള സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വരുന്ന സെപ്റ്റംബർ മാസം ഒരു സംരംഭകത്വ സെമിനാർ കേരളത്തിൽ വച്ച് സംഘടിപ്പിക്കുന്നതാണ്. പദ്ധതി വിശദാംശങ്ങളും നടപടി ക്രമങ്ങളും സെമിനാറിൽ IFCI അധികൃതർ വിശദീകരിക്കും. സെമിനാറിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കേരള സംസ്ഥാനപിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ (KSBCDC) www.ksbcdc.com എന്ന വെബ്സൈറ്റ് മുഖേന 2018 ആഗസ്റ്റ് 20 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്.



മാനേജിംഗ് ഡയറക്ടർ